**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **08-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. പുന:സംഘടനയുടെ പേരിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സി.ഇ.എ. റെഗുലേഷൻ അനുസരിച്ച് എല്ലാ തസ്തികകളിലേയും യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതകൾ അനുസരിച്ചുള്ള തസ്തികകൾ, മാറുന്ന സാങ്കേതിക വിദ്യക്ക് അനുസരിച്ചുള്ള തസ്തികകൾ തുടങ്ങിയവ കണ്ടെത്തി പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ നടന്നു കൊണ്ടിരിക്കുകയാണ്. അതനുസരിച്ച് ഓരോ സെക്ഷനിലും കുറവു വരുന്ന ജീവനക്കാരുടെ തസ്തികകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ൽ ഇപ്പോൾ നിയമനനിരോധനമില്ല. |
| (ബി) | പൊതുജനങ്ങളുമായി ബന്ധപ്പെടുന്ന സെക്ഷൻ ഓഫീസുകളിൽ ലൈൻമാൻ ഉൾപ്പെടെയുള്ള തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ വിരമിച്ച ജീവനക്കാരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സെക്ഷൻ ഓഫീസുകളിൽ കഴിഞ്ഞ വേനൽ കാലത്തെ ഉഷ്ണതരംഗം കാരണം ഉണ്ടായ അധിക വൈദ്യുതി ഉപഭോഗത്താൽ വൈദ്യുതി വിതരണ ശൃംഖലയ്ക്ക് ഉണ്ടായ തകരാറുകൾ പരിഹരിക്കാൻ അധിക മാനവവിഭവശേഷി കണ്ടെത്തുന്നതിലേക്കായി കോവിഡ് കാലത്ത് ചെയ്തിരുന്നപോലെ 65 വയസ്സിൽ കുറവുള്ള വിരമിച്ച ജീവനക്കാരുടെ സേവനം ഓണറേറിയം നൽകി ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമനം കരാർ അടിസ്ഥാനത്തിലല്ല. |
| (സി) | ഓരോ സെക്ഷനിലും കുറവുള്ള ജീവനക്കാരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സി.ഇ.എ. റെഗുലേഷൻ അനുസരിച്ച് എല്ലാ തസ്തികകളിലേയും യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതകൾ അനുസരിച്ചുള്ള തസ്തികകൾ, മാറുന്ന സാങ്കേതിക വിദ്യക്ക് അനുസരിച്ചുള്ള തസ്തികകൾ തുടങ്ങിയവ കണ്ടെത്തി പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ നടന്നു കൊണ്ടിരിക്കുകയാണ്. അതനുസരിച്ച് ഓരോ സെക്ഷനിലും കുറവു വരുന്ന ജീവനക്കാരുടെ തസ്തികകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ൽ ഇപ്പോൾ നിയമനനിരോധനമില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | സി.ഇ.എ. റെഗുലേഷൻ അനുസരിച്ച് എല്ലാ തസ്തികകളിലേയും യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതകൾ അനുസരിച്ചുള്ള തസ്തികകൾ, മാറുന്ന സാങ്കേതിക വിദ്യക്ക് അനുസരിച്ചുള്ള തസ്തികകൾ തുടങ്ങിയവ കണ്ടെത്തി പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ നടന്നു കൊണ്ടിരിക്കുകയാണ്. അതനുസരിച്ച് ഓരോ സെക്ഷനിലും കുറവു വരുന്ന ജീവനക്കാരുടെ തസ്തികകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ൽ ഇപ്പോൾ നിയമനനിരോധനമില്ല. |

സെക്ഷൻ ഓഫീസർ